**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2827** **03-08-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ സർവ്വകലാശാലകളിലെ അധ്യാപക നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ സർവ്വകലാശാലകളിലെ അധ്യാപക നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടുന്നതിനും ഇത്തരം ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിനും വേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തെ സർവ്വകലാശാലകളു മായി അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വാശ്രയ കോളേജുകളിലെ അധ്യാപക – അനദ്ധ്യാപക ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ ക്രമപ്പെടുത്തുന്നതിന് സർക്കാർ ഓർഡിനൻസ് (2021 – ലെ 51) പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | സർവ്വകലാശാലയിലെ അധ്യാപക നിയമനങ്ങളിൽ സംവരണം ഉറപ്പുവരുത്തുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) | അതാത് സർവ്വകലാശാലകളിലെ സ്റ്റാറ്റ്യൂട്ട്സിന് വിധേയമായി കെ.എസ് & എസ്.എസ്.ആർ റൂൾ 14 – 17 പ്രകാരം 100 പോയിന്റ് സംവരണക്രമം പാലിച്ചാണ് അധ്യാപക നിയമനങ്ങൾ നടത്താറുള്ളത്. |
| (സി) | എയ്ഡഡ് കോളേജുകളിലെ അധ്യാപക നിയമനത്തിൽ സംവരണം പാലിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇത്തരം കോളേജുകളിലെ അധ്യാപക നിയമനത്തിൽ സംവരണം ഉറപ്പ് വരുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (സി) | സംസ്ഥാനത്തെ സ്വകാര്യ എയ്ഡഡ് ആർട്സ് & സയൻസ് / അറബിക്/ ബി.എഡ് കോളേജുകളിൽ അസിസ്റ്റന്റ് പ്രൊഫസർ നിയമനവുമായി ബന്ധപ്പെട്ട് സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകളിൽ വ്യവസ്ഥ ചെയ്യും പ്രകാരം ഓപ്പൺ/കമ്മ്യൂണിറ്റി ഒഴിവുകളിൽ 50:50 അനുപാതം പാലിച്ചാണ് നിയമനം നടത്തുന്നത്. ഇവിടെ കമ്മ്യൂണിറ്റി മെറിറ്റ് എന്നത് പ്രസ്തുത കോളേജുൾ പ്പെടുന്ന വിദ്യാഭ്യാസ ഏജൻസിയുമായി ബന്ധപ്പെട്ട കമ്മ്യൂണിറ്റിയെയാണ് സൂചിപ്പിക്കുന്നത്. ഇതല്ലാതെ എയ്ഡഡ് കോളേജുകളിൽ നിയമനത്തിനായി ജാതി സംവരണം സംബന്ധിച്ച് സർവ്വകലാശാല ആക്ടിലും സ്റ്റാറ്റ്യൂട്ടിലും വ്യവസ്ഥ ചെയ്തിട്ടില്ല. സ്വകാര്യ എയ്ഡഡ് ആർട്സ് & സയൻസ്/ അറബിക്/ ബി.എഡ് കോളേജുകളിൽ ഭിന്നശേഷിക്കാർക്ക് 4% സംവരണം ഏർപ്പെടുത്തിക്കൊണ്ട് 15/02/2021 ലെ സ.ഉ.(കൈ) 96/2021/ ഉ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്. കേരളത്തിലെ എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിൽ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് സംവരണം അനുവദിച്ചു |

| | | | |
|---|---|---|---|
| | | | നൽകണമെന്ന ബഹു. ഹൈക്കോടതിയുടെ 25/05/2015 ലെ വിധിന്യായത്തിനെതിരെ ഏതാനും എയ്ഡഡ് കോളേജ് മാനേജ്മെന്റ് കൾ ഫയൽ ചെയ്ത റിട്ട് അപ്പീലുകളിന്മേൽ പുറപ്പെടുവിച്ച 21/12/2017 ലെ വിധിന്യായം മാനേജ്മെന്റുകൾക്ക് അനുകൂലമായിരുന്നു. എയ്ഡഡ് കോളേജുകളിൽ അദ്ധ്യാപക-അനദ്ധ്യാപക നിയമന ത്തിൽ പട്ടികജാതി-പട്ടിക വർഗ്ഗ സംവരണം ഏർപ്പെടുത്തുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി 21/12/2017 ലെ വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുവാൻ 26/12/2017 ലെ മന്ത്രിസഭാ യോഗം തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹു. സുപ്രീം കോടതി മുമ്പാകെ എസ്.എൽ.പി. (സി) 9975/18 നമ്പരായി എസ്.എൽ.പി ഫയൽ ചെയ്തിട്ടുണ്ട്. |
| (ഡി) | കേരളത്തിലെ ഓപ്പൺ യൂണിവേഴ്സിറ്റികളിൽ വിവിധ കോഴ്സുകൾക്ക് അനുമതി നൽകുന്നതിന് എന്തെങ്കിലും കാലതാമസം നേരിടുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | യു.ജി.സി യുടെ കീഴിലുള്ള ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുടെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ യു.ജി, പി.ജി കോഴ്സുകൾ ആരംഭിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ